DESPATCHED
On.02-08-21...

15/7/21

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 366(1)/2020/SIC**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നമ്പർ: 2845/SIC-G4/2020)

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ
തീയതി: 2021 ജൂലൈ 15

Adv. Gia Mathai Kandathil,
Mampilly House,
KDPRA-52, Carborandum Road,
Kalamassery Development Plot P.O.,
Ernakulam – 683 104. — അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സീനിയർ സൂപ്രണ്ട്,
   നഗരകാര്യ ഡയറക്ടറേറ്റ്,
   സ്വരാജ് ഭവൻ, നന്തൻകോട്,
   തിരുവനന്തപുരം.

2. അപ്പീൽ അധികാരി &
   അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്,
   നഗരകാര്യ ഡയറക്ടറേറ്റ്,
   സ്വരാജ് ഭവൻ, നന്തൻകോട്,തിരുവനന്തപുരം.

— എതിർകക്ഷികൾ

## ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ 25/05/2020–ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ശ്രീ.വി.എസ്. മനോജ് ലഭ്യമാക്കിയ വിശദീകരണവും കമ്മീഷൻ സെക്രട്ടറി ടിയാനെ 19.4.21–ന് നേരിൽ കേട്ട വേളയിൽ ബോധിപ്പിച്ച വസ്തുതകളും കമ്മീഷൻ പരിശോധിച്ചു.

2. ഹിയറിംഗിനെ തുടർന്ന് എസ്.പി.ഐ.ഒ. ശ്രീ. വി.എസ്. മനോജ് കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ തപാൽ രജിസ്റ്റർ പരിശോധിച്ചതിൽ 5.9.2019 തീയതി വെച്ച് അപ്പീൽ അധികാരി നൽകിയ അപേക്ഷ 17.9.2019-ലാണ് എതിർകക്ഷി ഓഫീസിൽ ലഭിച്ചിട്ടുള്ളതെന്നും ആയതിന് 15.10.2019-ന് മറുപടി നൽകിയിട്ടുള്ളതായും ടി മറുപടി ലഭിച്ചിട്ടില്ലെന്ന് അറിയിച്ചുകൊണ്ട് നൽകിയ 29.10.2019-ലെ കത്തിന് മറുപടിയായി 23.11.2019-ന് 15.10.2019-ന് നൽകിയ മറുപടിയുടെ പകർപ്പ് സഹിതം മറുപടി നൽകിയിട്ടുള്ളതായും കാണുന്നു. തന്റെ അപേക്ഷയ്ക്ക് പൂർണ്ണമായ മറുപടി നൽകിയിട്ടില്ല എന്ന പരാതിക്ക് കാരണമായി ഒന്നാം എതിർകക്ഷി പ്രസ്താവിച്ചത്, നഗരകാര്യ വകുപ്പ് ഓഫീസ് പബ്ലിക് ഓഫീസ് സമുച്ചയത്തിൽ നിന്നും നന്തൻകോട് സ്വരാജ് ഭവൻ മന്ദിരത്തിലേയ്ക്ക് മാറ്റിയ അവസരത്തിൽ സി.ആർ.ഡി., സി.റ്റി.പി., പഞ്ചായത്ത് പ്രോവിഡന്റ് ഫണ്ട്, ഐ.കെ.എം. തുടങ്ങിയ ഓഫീസുകളിൽ നിന്നുള്ള ഫയലുകൾ ഒരേ മുറിയിൽ ചാക്കിൽ കെട്ടി സൂക്ഷിക്കുവാൻ ഇടയായെന്നും അതുകൊണ്ട് 15.10.2019-ൽ നൽകിയ മറുപടിയിൽ ലഭ്യമായ വിവരങ്ങൾ സമയബന്ധിതമായി നൽകുകയാണുണ്ടായതെന്നും, പിന്നീട് ഓരോ വകുപ്പിലേയും ഫയലുകൾ പ്രത്യേകം അടുക്കി വച്ചതിനെ തുടർന്ന് ടിയാൾ ആവശ്യപ്പെട്ട ഫയൽ കണ്ടെത്തി അപ്പീൽ അപേക്ഷയ്ക്ക് മറുപടി നൽകുകയാണുണ്ടായതെന്നും, ടിയാൾ ആവശ്യപ്പെട്ട വിവരങ്ങൾ ഓഫീസിൽ ഉണ്ടായിട്ടും നൽകാതിരുന്നതല്ലെന്നും മറ്റുമാണ്.

3. ഒന്നാം എതിർകക്ഷിയുടെ മേൽ വിശദീകരണം വസ്തുതാപരമാണെന്ന് കാണുന്നതിനാൽ ആയത് കമ്മീഷൻ അംഗീകരിക്കുന്നു. ഓഫീസ് മാറുമ്പോഴും മറ്റും ഫയലുകൾ നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കേണ്ടത് ഫയൽ കൈകാര്യം ചെയ്യുന്ന ഓരോ ഉദ്യോഗസ്ഥന്റെയും ചുമതലയും കർത്തവ്യവുമാണെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയെ ഓർമ്മപ്പെടുത്തുന്നതോടൊപ്പം ഭാവിയിൽ വിവരാവകാശ അപേക്ഷകൾക്ക് സമയബന്ധിതമായും പൂർണ്ണവും വ്യക്തവുമായ മറുപടി നൽകുവാൻ ഒന്നാം എതിർകക്ഷി കൂടുതൽ ജാഗ്രത പുലർത്തണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. 25.5.2020-ലെ കമ്മീഷൻ ഉത്തരവിലെ 4-ാം ഖണ്ഡികയിൽ നിർദ്ദേശിച്ച പ്രകാരം ആവശ്യമായ വിവരങ്ങൾ നൽകിയിട്ടില്ലെങ്കിൽ ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് ആവശ്യമായ പകർപ്പുകൾ എടുക്കുന്നതിനാവശ്യമായ എല്ലാ സഹായങ്ങളും ഒന്നാം എതിർകക്ഷി അപ്പീൽ ഹർജിക്കാരിക്ക് നൽകേണ്ടതാണ്.

4. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 ജൂലൈ 15–ാം തീയതി കമ്മീഷൻ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ. വിശ്വാസ് മേത്ത

മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM